**പതിനാലാം കേരള നിയമസഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3850** **23.08.2017 -ൽ മറുപടിയ്ക്ക്**

## മലബാർ ടൂറിസം വികസനത്തിനായി പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**,, ടി.എ.അഹമ്മദ് കബീർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മലബാർ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) മലബാർ ടൂറിസം വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;<br>1) വിനോദ സഞ്ചാര രംഗത്ത് മലബാർ മേഖലയുടെ സാധ്യത വിപുലപ്പെടുത്തുന്നതിനായി തിനായി മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷിയേറ്റീവ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ നടത്തിവരുന്നു.<br>2) മലബാർ ടൂറിസം വികസനത്തിന്റെ ഭാഗമായി കാസർഗോഡ് - കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളേയും ഉൾപ്പെടുത്തിയുള്ള ഒരു പദ്ധതിയായ മലനാട് -മലബാർ ക്രൂയിസ് ടൂറിസം പ്രോജക്റ്റ് എന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><u>3) കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികൾ</u><br>എ) മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം<br>ബി) വടകര പയ്യോളിയിലെ സർഗാലയ |

കേന്ദ്രം ആധാരമാക്കി കൊണ്ടുള്ള ഇൻ്റഗ്രേറ്റഡ് ടൂറിസം പദ്ധതി

സി) ധർമ്മടം ,ധർമ്മടം -ദ്വീപ് മുഴപ്പിലങ്ങാട് ബീച്ച് കോർത്തിണക്കി റോപ് വെയുടെ നിർമ്മാണം

4) തലശ്ശേരി ഹെറിറ്റേജ് സർക്യൂട്ട് പദ്ധതിയുടെ രണ്ടാം ഘട്ടം.

5) കണ്ണൂരിലെ പുതിയ വിമാനത്താവളം കേന്ദ്രീകരിച്ച് ടൂറിസം വികസന പദ്ധതികളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് M/s.KTIL- നെ ഏൽപ്പിക്കുകയും പ്രാരംഭ നടപടികൾ നടന്നു വരികയും ചെയ്യുന്നു.

6) ധർമ്മടം തുരുത്തുമായി ബന്ധപ്പെട്ട് മറൈൻ മ്യൂസിയം, ലോക നിലവാരത്തിലുള്ള മ്യൂസിയം, റിസർച്ച് സ്റ്റേഷൻ എന്നീ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് M/s.KTIL- നെ ഏൽപ്പിക്കുകയും പ്രാരംഭ നടപടികൾ നടന്നു വരികയും ചെയ്യുന്നു.

7) മലബാർ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ വിപുലപ്പെടുത്തുന്നതിനും സമഗ്ര വികസനത്തിനുമായി ഡിറ്റിപിസി മുഖേനയും അല്ലാതെയും വിവിധ പദ്ധതികളും വകുപ്പ് ആവിഷ്കരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതിനായി അറുന്നൂറ് കോടി രൂപ മുതൽമുടക്കി നടപ്പിലാക്കുന്ന പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) & (സി) | നിലവിൽ രൂപരേഖ തയ്യാറാക്കിയിട്ടില്ല |
| (സി) | എങ്കിൽ ആയതിൻ്റെ വിശദാംശം എന്തെല്ലാമെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ